LIBRARY ARCHIVES Kerala Legislative Assembly

പ്രൊഫഷണൽ സ്ഥാപനങ്ങളുടെ ഫീസ് ഘടനയും പ്രവേശന മാനദണ്ഡവും

112 [3096] *ശ്രീ. എ. സി. മൊയ്തീൻ:*
,, *പി. ജയരാജൻ:*
,, *കോടിയേരി ബാലകൃഷ്ണൻ:*

ഡോ. *തോമസ് ഐസക്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രൊഫഷണൽ സ്ഥാപനങ്ങളുടെ ഫീസ് ഘടനയും പ്രവേശന മാനദണ്ഡവും നിശ്ചയിക്കുന്നതിനുള്ള കേന്ദ്ര നിയമത്തിന്റെ കരട് സംസ്ഥാനത്തിന് ലഭ്യമാക്കിയിട്ടുണ്ടോ;

(ബി) ഈ കരട് നിയമം സംബന്ധിച്ച് കേന്ദ്രം സംസ്ഥാനത്തിന്റെ അഭിപ്രായം തേടിയിട്ടുണ്ടോ; ഉണ്ടെങ്കിൽ സംസ്ഥാനം എന്നത്തേക്കാണ് അഭിപ്രായം കേന്ദ്രത്തെ അറിയിക്കേണ്ടിയിരുന്നത്; സംസ്ഥാനത്തിന്റെ അഭിപ്രായങ്ങൾ കേന്ദ്രത്തെ അറിയിച്ചിട്ടുണ്ടോ;

(സി) ന്യൂനപക്ഷ സ്വാശ്രയ സ്ഥാപനങ്ങളിൽ മാനേജ്മെന്റ് ക്വാട്ടയിൽ 50%-ൽ അധികം വിദ്യാർത്ഥികളെ പ്രവേശിപ്പിക്കാമെന്ന് കരടുനിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ വ്യവസ്ഥയോട് സംസ്ഥാന ഗവൺമെന്റ് യോജിക്കുന്നുണ്ടോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കരട് നിയമം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. സംസ്ഥാന സർക്കാരിന്റെ അഭിപ്രായം കേന്ദ്ര സർക്കാരിനെ താമസിയാതെ അറിയിക്കുന്നതാണ്.

(സി) കരട് നിയമം സർക്കാരിന്റെ പരിശോധനയിലാണ്.

2004-ലെ മെഡിക്കൽ റാങ്ക് ലിസ്റ്റിൽ നിന്നുള്ള ബി.എസ്.സി. നഴ്സിംഗ് പ്രവേശനം

113 [3097] *ശ്രീ. പി. സി. ജോർജ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2004-ൽ കേരള പ്രവേശന പരീക്ഷാ കമ്മീഷണർ പ്രസിദ്ധീകരിച്ച 41730 പേരുടെ മെഡിക്കൽ റാങ്ക് ലിസ്റ്റിൽനിന്നും കേരളത്തിലെ ആകെയുള്ള 41 ബി.എസ്.സി. നഴ്സിംഗ് കോളേജ് (ഗവൺമെന്റ് & സെൽഫ് ഫൈനാൻസിംഗ്) കളിലെ ബി.എസ്.സി. നഴ്സിംഗിന്റെ 1025 ഗവൺമെന്റ് മെരിറ്റ് സീറ്റുകളിലേക്ക് എത്രപേരെ അലോട്ട് ചെയ്ത് അഡ്മിഷൻ കൊടുത്തുവെന്ന് അറിയിക്കുമോ;